# കേരള സർക്കാർ

# ആരക്കുഴ ഗ്രാമപഞ്ചായത്ത്

# **2017-18**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം. കെ.എസ്.എ.ഇ.കെ.എം. (പി. )

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി: 18.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആരക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:-ആരക്കുഴ ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയ്ക്കും 3 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
.റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം

3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി. ) /2018 തീയതി :

<u>എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ</u>

<u>**2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

*(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2017 മുതൽ 30.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ

മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.12.18 മുതൽ 31.12.18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി റസിയ ബീവി, ജെ.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജലജ എം.കെ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷഫീക്ക് എം. സീനിയർ ഗ്രേഡ്<br>ഓഡിറ്റർ |
| | ശ്രീമതി സ്വപ്ന. വി, ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | വള്ളമറ്റം കുഞ്ഞ് | 01-04-2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | പി.എൻ.പ്രസാദ് | 01.04.17 | 03.05.17 |
| | അഫ്സൽ രാജ് എം.ആർ.<br>(ചാർജ്ജ്-അസി.സെക്രട്ടറി) | 04.05.17 | 3.06.2017 |
| | പി.എൻ.പ്രസാദ് | 5.06.17 | 31.03.18 |
| അസിസ്റ്റന്റ് സെക്രട്ടറി | | 01.04.17 | 31-03-18 |
| കൃഷി ഓഫീസർ | സണ്ണി കെ.എസ് | 01.04.17 | 31-03-18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബേസിൽ മാത്യു | 01.04.17 | 16.10.17 |
| | അമ്പിളി രതി<br>ശരത് ജോയി<br>(ചാർജ്ജ്) | 17.10.17<br>20.10.17 | 19.10.17<br>29.10.17 |
| | ശ്രീമതി ചിത്ര | 30.10.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ.പ്രീതി പീറ്റർ | 01.04.17 | 31-03-18 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. സിന്ധു സി.പി<br>രേഷ്മ ചന്ദ്രൻ | 01.04.17<br>21.7.17 | 20.7.17<br>31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ബാബു കെ.റ്റി | 01.04.17 | 01 .06.17 |
| | മേരി കുര്യാക്കോസ് | 02.06.17 | 31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എലിസബത്ത് ജോർജ്ജ് | 01.04.17 | 15.07.17 |
| | ഷൈമ | 28.07.17 | 10.11.17 |
| | ഷേബ പി. ബേബി | 07.12.17 | 31.03.18 |
| വെറ്റിനറി സർജൻ | ഡോ. ധന്യ.വി.പൈ<br>ഷിബു സി.തങ്കച്ചൻ | 01.04.17<br>07.6.17 | 07.6.17<br>31.3.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആരക്കുഴ സൗത്ത്) | ദീപ്തി .എൻ. | 01.04.17 | 31.03.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആരക്കുഴ) | ബെനിഫിസ് എം.സിറിയക്<br>പുരുഷോത്തമൻ കെ.എസ്. | 01.04.17<br>8.2.18 | 06.01.18<br>31.3.18 |
| ഹെഡ്മാസ്ററർ യു.പി സ്കൂൾ | പി.എൻ.ലത | 01.04.17 | 31.03.18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ദർശിനി ഷിബു | 01.04.17 31.03.18 | |

ഉള്ളടക്കം

| ക്രമ നം. | ഭാഗം | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | സാംഖ്യ രസീതുകൾ നഷ്ടപ്പെട്ടതു സംബന്ധിച്ച് | 2-3 |
| 16 | കെട്ടിടവാടക ഈടാക്കുന്നതിലെ അപാകതകൾ | |
| | ഭാഗം - 3 | |
| 17 | കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. | 3-1 |
| 18 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-2 |
| 19 | സെന്റേജ് ചാർജ് -അധിക നിരക്ക് നല്കി | 3-3 |
| 20 | ടെണ്ടർ അംഗീകരിച്ചതിൽ അപാകത | 3-4 |
| 21 | തെരുവ് വിളക്ക് പരിപാലനം അപാകതകൾ | 3-5 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1238833/- രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | രേഖകൾ ഹാജരാക്കിയില്ല | 3-7 |
| | ഭാഗം - 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപം | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 35 | ബാലൻസ് ഷീറ്റ്-2017-18 | അനുബന്ധം -2 |
| 36 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-2017-18 | അനുബന്ധം -2 |
| 37 | റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017 തീയതിയിലെ (1) ാം തീരുമാനംപ്രകാരം അംഗീകരിച്ചു. പുതുക്കിയ /പരിഷ്കരിച്ച ബജറ്റ് 28.02.2018 തീയതിയിലെ (3) ാം തീരുമാനംപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2018 | 23.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | | K.S.A.E.K.M(PG)1786(4)/2018/29.08.18 |

## 1-4 സാമ്പത്തിക വിശകലനം(രസീപ്റ്റ്& പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43,38,278 |
| വരവ് | 3,67,89,797 |
| ആകെ | 4,11,28,075 |
| ചെലവ് | 3,75,13,205 |
| നീക്കിയിരുപ്പ് | 36,14,870 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. | വരവ് | ആകെ | ചെലവ് | നീക്കിബാക്കി | ചെലവഴിക്കാതെ പോയത് |
|---|---|---|---|---|---|---|---|
| വി.ഫ.ജനറൽ | | 0 | 9364000 | 9364000 | 8778190 | 585810 | |
| ,,എസ്.സി.പി. | | 0 | 20,58,742 | 20,58,742 | 20,23,473 | 35269 | |
| ,, ടി.എസ്.പി. | | 0 | 20,992 | | 5844 | 15148 | |
| റോഡ്-മെയിന്റ | | 0 | 2382000 | | 1597579 | 784421 | |
| നോൺറോഡ് | | 0 | 2591000 | | 2160960 | 430040 | |
| സെൻട്രൽഫിനാ. കമ്മീ.ഗ്രാ. | | | 4397820 | | 4331843 | 65977 | |
| | | | | | | | |
| സാക്ഷരത | | | 48600 | 48600 | 48600 | | |
| ദുരിതാശ്വാസനിധി | | 79821 | 4758 | 84579 | 59000 | 25579 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | തൊ.കൂലി | 0 | 8307247 | 8307247 | 8307247 | - | |
| | അഡ്. ചെലവ് | 67761 | 573039 | 640800 | 628942 | 11858 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്. WGP | | 84939 | 3432 | 88371 | 0 | 88371 | |
| സംസ്ഥാനവിഷ്കൃത ഫണ്ട്. ജനകീയ ഭവനം | | 171857 | 3569 | 175426 | 0 | 175426 | |
| ജോയിന്റ് വെഞ്ചർ | ബ്ളോക്ക് | 747666 | 1412549 | 2160215 | 1953793 | 206422 | |
| | ജില്ല | 55000 | 568519 | 623519 | 204500 | 419019 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി.ഫണ്ട്. | | 0 | 203648 | 203648 | 203648 | - | |
| ജനറൽ പർപ്പസ് ഗ്രാന്റ്. | | 1296499 | 5541000 | 6837499 | 6716316 | 121183 | |
| തനത് ഫണ്ട് | ബാങ്ക് | 1771240 | 6119741 | 7890981 | 4895726 | 2995255 | |
| | ട്രഷറി | 206178 | 1350790 | 1556968 | 907558 | 649410 | |
| | | | | | | | |

## 1-6 പദ്ധതി അവലോകനം

| | | | | | | |
|---|---|---|---|---|---|---|
| 114 | 30385072 | 88 | 23626779 | 23 | 3 | 77.2 |

പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) തെരുവുനായ നിയന്ത്രണം(എ.ബി.സി.പദ്ധതി)

2)സാക്ഷരതാ പഢിതാക്കൾക്ക് കോഴ്സ്ഫീ.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 67761 | 573039 | 640800 | 628942 | 11858 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | | 8307247 | 8307247 | 8307247 | |

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1200 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2079300 | 684 |
| വിധവാപെൻഷൻ | 5091300 | 1638 |
| വാർദ്ധക്യകാലപെൻഷൻ | 12727500 | 3501 |
| വികലാംഗപെൻഷൻ | 1521900 | 505 |
| അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ(50 വയസ്സുകഴിഞ്ഞ) | 326200 | 106 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .........29.12.2018,3.30 പി.എം ന് സ്ഥാപന തലവന്റെ യഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ .....6283/- രൂപക്യാഷ് ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജ്ജിക്കുന്ന ആസ്തിയുടെ വിവരങ്ങൾഉൾപ്പെടുത്തി രജിസ്റ്റർകാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പേരുകൾ

രേഖപ്പെടുത്തി അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിക്കുന്നില്ല.പേരുകൾ

ഫയലിൽ സൂക്ഷിക്കുന്നുണ്ട് എന്നുമാത്രം.

3. ഒരു പ്രൊജക്ട് ആരംഭിച്ച് പൂർത്തിയാകാതെ സ്പിൽ ഓവറായി

തുടരുമ്പോൾ ബാക്കി ചെലവ് അടുത്ത വർഷത്തേയ്ക്കാകുന്നു. എന്നാൽ

പുതുക്കിയ പ്രൊജക്ടിനൊപ്പം ബാക്കി ഫയലുകൾ സൂക്ഷിക്കേണ്ടതിന്

പിൻവർഷത്തെ ഫയലിനൊപ്പം സൂക്ഷിക്കുന്നു.

4. സാമൂഹ്യസുരക്ഷാപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിന് വരുന്ന

കാലതാമസം ഒഴിവാക്കേണ്ടതാണ്.

5. തൊഴിൽ നികുതി രജിസ്റ്റർ പേജ് സർട്ടിഫിക്കറ്റ് എഴുതി സെക്രട്ടറിസാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2018 | 2018 നവംബർ | - |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.01.2014- | 2008-09മുതൽ2012-13 വരെ | 19.03.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.താഴെ പറയുന്ന രസീതുബുക്കുകൾ പേജ് സർട്ടിഫിക്കറ്റ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

| ക്രമ നമ്പർ | രസീതുബുക്ക് നമ്പർ | വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | 37993 | 21.2.2018 |
| 2 | 31747 | 30.10.2017 |
| 3 | 37987 | 6.11.2017 |
| 4 | 37996 | 13.9.2018 |
| 5 | 37988 | 14.11.2017 |
| 6 | 37989 | 17.11.2017 |
| 7 | 37990 | 23.11.2017 |
| 8 | 37991 | 29.11.2017 |
| 9 | 37995 | 14.8.2018 |
| 10 | 37997 | 26.11.2018 |

2.രസീതുബുക്ക് നമ്പർ 31745 (രസീതു നമ്പർ 1,2,3,4 ,5,6,7,8,9,10,11,12,13,14) ലെ ക്യാൻസൽ ചെയ്ത രസീതുകൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 പ്രകാരം ഓരോ ദിവസവും അവസാനത്തിൽ ബാങ്ക്ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ടുഫയൽ ചെയ്യേണ്ടതാണ്. ഏന്നാൽ പഞ്ചായത്തിൽ അപ്രകാരം ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. കള്ള് ഷാപ്പിൽ നിന്നും 2017-2018 ലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ പേജ് സർട്ടിഫിക്കറ്റ് എഴുതി സെക്രട്ടറിസാക്ഷ്യപ്പെടുത്തിയിട്ടില്ല.സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-3 സാംഖ്യ രസീതുകൾ നഷ്ടപ്പെട്ടതു സംബന്ധിച്ച്

സാംഖ്യ രസീതുകൾ പരിശോധിച്ചപ്പോൾ രസീതു നമ്പർ 6519803 മുതൽ 6519837 വരെയുള്ള രസീതുകൾ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് എൻക്വയറി നമ്പർ 7 ന ലഭ്യമായ മറുപടിയിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നത് എന്നും 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഫ്രണ്ട് ഓഫീസ് ഭാഗികമായി മുങ്ങുകയും അവിടെ ഉപയോഗിച്ചിരുന്ന പ്രിന്ററിൽ സൂക്ഷിച്ചതുമായ സാംഖ്യരസീതുകൾ 6519803 മുതൽ 6519837 വരെ 35 എണ്ണം വെള്ളം കയറി നശിച്ചു പോയിട്ടുള്ളതാണ് എന്നും അറിയിച്ചു. ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെ ടുത്തിയിട്ടുള്ളതും ബഹു . പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ് എന്നും അറിയിച്ചു.

## 2-4 കെട്ടിടവാടക ഈടാക്കുന്നതിലെ അപാകതകൾ

കെട്ടിടവാടക ഈടാക്കുന്നതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1)പഞ്ചായത്തു വക കടമുറികൾ കൈവശം വച്ചു ഉപയോഗിക്കുന്നതിനുള്ള ബൈലോയിലെ ക്രമ നം 5 പ്രകാരം മുറികൾ കൈവശം വെയ്ക്കാനുള്ള അവകാശം വർഷാവർഷം അഥവാ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തിലേക്കോ മാർച്ച് 31 ന് അവസാനിക്കുന്ന വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന മാസ വാടകയുടെഅടിസ്ഥത്തിൽ ആയിരിക്കണം എന്നിരിക്കെ പഞ്ചായത്തു വക കടമുറികൾ വർഷങ്ങളായി ഒരേ വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നല്കുന്നു

2)ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ കാര്യത്തിൽ എൽ,എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നുള്ള ന്യായ വാടക സാക്ഷ്യപത്രം പ്രകാരമാണ് വാടക നിശ്ചയിക്കേണ്ടത് എന്നാൽ ആയത് പാലിക്കാതെയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്

3) പഞ്ചായത്ത് ഷോപ്പംഗ് കോംപ്ലക്സിലെ III/174D,III/174Eനമ്പർ മുറികൾ 2017-18വർഷത്തിലേക്ക് വാടകയ്ക്ക് നൽകിയ അൽഫോൺസാ കുടുംബശ്രീയൂണിറ്റ് പെരുമ്പല്ലൂരിൽ നിന്ന്( III/174D 1/18മുതൽ 3/18,III/174E 2/18മുതൽ 3/18 വരെയുള്ള) വാടകയിനത്തിൽ 1655രൂപ (331X5) നാളിതു വരെ ഈടാക്കിയിട്ടില്ല . മേൽ വിഷയം സംബന്ധിച്ച് ,31-12-18 എ നൽകിയ ഓഡിറ്റ് എൻക്വയറി നം , 9 ന് മറുപടി ലഭ്യമാക്കിയില്ല വാടക കുടിശിക വരുത്തിയ അൽഫോൺസാ കുടുംബശ്രീയൂണിറ്റ് പെരുമ്പല്ലൂരിൽ നിന്നോ ടി കാലയളവിലെ സെക്രട്ടറിയിൽ നിന്നോ വാടക കുടിശിക ഈടാക്കിയും ടി സ്ഥാപനത്തെ ഒഴിവാക്കി III/174D,III/174Eമുറികൾ പുനർലേലം ചെയ്തും ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ (1,2)പരിഹരിക്കാൻ സത്വര നടപടി സ്വകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | മാറാരോഗികൾക്കുള്ള പരിചരണം<br>(പാലിയേറ്റീവ്കെയർ യൂണിറ്റ്) |
| പ്രോജക്ട് നം. | S0102/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| അടങ്കൽ | 4,00,000/-(പദ്ധതിവിഹിതം)<br>1,00,000/-(തനത് ഫണ്ട്) |
| ചെലവ് | 3,99,980/-(പദ്ധതിവിഹിതം)<br>1,00,000/-(തനത് ഫണ്ട്) |

1961ലെ ഇൻകം ടാക്സ് ആക്ട്, വകുപ്പ് 194c പ്രകാരം 75000 രൂപക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കരാറുകളിൽ വ്യക്തികളുടെ പ്രതിഫലത്തിൽ നിന്ന് 1% നിരക്കിലും, PAN രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% നിരക്കിലും ആദായ നികുതി TDS ആയി ഈടാക്കേണ്ടതാണ്. എന്നാൽ, ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ മാറാരോഗികൾക്കുള്ള പരിചരണം-പാലിയേറ്റീവ്കെയർ യൂണിറ്റ് പദ്ധതിയിൽ രോഗീപരിചരണത്തിനു പോകുന്നതിനായി കോൺട്രാക്ടടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. KL 5AL 9239 വാഹനം ഓടിച്ച വകയിൽ ശ്രീ ഷിബു.എ.എസ് എന്ന വ്യക്തിക്ക് ഓടിയ ദിവസത്തിന് 1100/- രൂപ നിരക്കിൽ ആകെ 2,07,900/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി-വ്യക്തിയിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല. .വിശദാംശം താഴെ പ്രത്യേകം ചേർക്കുന്നു-

| മാസം | ജോലി ചെയ്ത ദിവസങ്ങൾ*കൂലി | നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| ഏപ്രിൽ 2017 | 16 *1100/- | 17600/- (പ.വിഹിതം) | 1/17-18/28.07.17 |
| മെയ് 2017 | 15 *1100/- | 16500/- ,, | ,, |
| ജൂൺ 2017 | 16 *1100/- | 17600/- ,, | ,, |
| ജൂലൈ 2017 | 16 *1100/- | 17600/- ,, | 2/17-18/22.08.17 |
| ഓഗസ്റ്റ് 2017 | 16 *1100/- | 17600/- ,, | 3/17-18/12.10.17 |
| സെപ്റ്റംബർ 2017 | 15 *1100/- | 16500/- ,, | ,, |
| ഒക്ടോബർ 2017 | 16 *1100/- | 17600/- ,, | 4/17-18/22.11.17 |
| നവംബർ 2017 | 16 *1100/- | 17600/- ,, | 5/17-18/16.12.17 |
| ഡിസംബർ 2017 | 16 *1100/- | 17600/- ,, | 6/17-18/17.01.18 |
| ജനുവരി 2018 | 16 *1100/- | 17600/- ,, | 8/17-18/14.02.18 |
| ഫെബ്രുവരി 2018 | 15 *1100/- | 16500/- ,, | 9/17-18/14.03.18 |
| മാർച്ച് 2018 | 16 *1100/- | 17600/- (തനതു ഫണ്ട്) | ചെക് നം./തീയതി 1536378/28.03.2018 |
| ആകെ | | 207900/- | |

എന്നാൽ, ടിയാനിൽ നിന്നും നിയമാനുസൃതമായ ഇൻകം ടാക്സ് TDS ആയി ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുനൽകിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ടി- വ്യക്തിയിൽ നിന്ന് നിയമാനുസൃതമായ ആദായനികുതിയായ 2079/-രൂപ

ഈടാക്കി അടവാക്കാമെന്നറിയിച്ചിട്ടുള്ളതിനാൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി ഡബ്ല്യു ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10 % ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്. പഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവർത്തികൾക്ക് സെന്റേജ് ചാർജ്ജ് അധികനിരക്കിൽ നല്കിയതായി കാണുന്നു. മാത്രമല്ല പൂർത്തീകരണ സർട്ടിഫിക്കറ്റും ഹാജരാക്കിയില്ല.(തനതു ഫണ്ട്) വിശദ വിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം/തിയതി | പ്രവൃത്തി/നിക്ഷേപത്തുക | സെന്റേജ് ചാർജ്ജിന് കണക്കാക്കിയ തുക | സെന്റേജ് ചാർജ്ജ് | | |
|---|---|---|---|---|---|
| | | | നൽകിയത് | നൽകാവുന്നത് | അധികം നൽകിയത് |
| 51700346/9-17 07.09.17 | പണ്ടപ്പിള്ളി പൊതു ശൌചാലയത്തിന്റെ വാട്ടർ കണക്ഷൻ 72,000/- | 63694.25 | 7949.28 | 6369.43 | 1580/- |
| 51700648/1-18 25.01.18 | പൊതുടാപ്പുകൾ ഒഴിവാക്കൽ 71893/- | 63904.58 | 7988.07 | 6390.58 | 1598/- |
| | ആകെ | | | | 3178/- |

മേൽ വിശദീകരിച്ച പ്രകാരം സെന്റേജ് ചാർജ്ജ് അധികം നൽകിയതിനും പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 5-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. അതിനാൽ സെന്റേജ് ചാർജ്ജിനത്തിൽ അധികമായി നൽകിയ 3,178/- രൂപ തിരികെ ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതിനാൽ ചെലവുതുകയായ 1,43,893/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 സെന്റേജ് ചാർജ് -അധിക നിരക്ക് നല്കി

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് പി ഡബ്ല്യു ഡി മാന്വൽ പ്രകാരം ബാധകമായ സെന്റേജ് ചാർജ് 10% ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് 12.5% നിരക്കിലാണ് സെന്റേജ് ചാർജ് നൽകിയിരിക്കുന്നത്. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ പേര് | പ്രൊജക്ട് നമ്പർ/നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് കോസ്റ്റ്,ചെലവ് വിവരം | നൽകിയ സെന്റേജ് ചാർജ് | നൽകാവുന്ന സെന്റേജ് ചാർജ് | അധികം നല്കിയത് |
|---|---|---|---|---|---|---|
| 1 | അങ്കണവാടിക്ക് വാട്ടർ കണക്ഷൻ | 12/17-18 സെക്രട്ടറി | 50000/- ബിൽ നം.12/17-18 /27.7.17 | 3232/- | 2585/- | 647/- |
| 2 | മാളിയേക്കത്താഴം ഊത്രങ്കാവ് റോഡ് -പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 125/17-18 സെക്രട്ടറി | 115000/- ബിൽ നം36/17-18 /12.1.18 | 12730/- | 10184/- | 2546/- |
| 3 | തെക്കനപ്പാറ റോഡ് -പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ | 117/17-18 സെക്രട്ടറി | 60000/- ബിൽ നം 35/17-18 /12.1.18 | 6573/- | 5258/- | 1315/- |
| | ആകെ | | | | | 4508/- |

സെന്റേജ് ചാർജിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ടെണ്ടർ അംഗീകരിച്ചതിൽ അപാകത

1.

| | |
|---|---|
| പ്രൊജക്ട് | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് |
| പ്രൊജക്ട് നം. | S0022/18 |
| അടങ്കൽ | 77690/-(58440-വി.ഫ)<br>(19520-ഉ.വി) |
| ചെലവ് | 77690/-(58440-വി.ഫ)<br>(19520-ഉ.വി) |
| ബിൽ നം. | 10/17-18,തീ.06.03.18 |

2

| | |
|---|---|
| പ്രൊജക്ട് | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് |
| പ്രൊജക്ട് നം. | S0062/18 |
| അടങ്കൽ | 7952/-(6000/-വി.ഫ)<br>(1952-ഉ.വി) |
| ചെലവ് | 7796/-(5844/-വി.ഫ)<br>(1952-ഉ.വി) |
| ബിൽ നം. | 9/17-18,തീ.28.02.18 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതികളുടെ നടത്തിപ്പിനായി ടെണ്ടർ ക്ഷണിക്കുകയും ഏഷ്യാട്ടിക് ട്രേഡിംഗ് കമ്പനി,കൊച്ചി- എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടി- സ്ഥാപനം 10 വർഷം വാറണ്ടിയുള്ള1949 രൂപയുടെ സിന്റെക്സ് റെനോ ടഫ് വാട്ടർ എന്ന ടാങ്കും 1849 രൂപയുടെ അക്വാട്ടിക് വാട്ടർ എന്ന ടാങ്കും ക്വോട്ടു ചെയ്തിരുന്നു. എന്നാൽ 20.11.2017 തീയതിയിലെ പർച്ചേസ് കമ്മിറ്റി 1949 രൂപയുടെ സിന്റെക്സ് റെനോ ടഫ് വാട്ടർ ടാങ്കാണ് ഗുണമേൻമയുള്ളതെന്നും മുൻ വർഷം പ്രൊജക്ട് വച്ച് ഇതേ കമ്പനിയുടെ ടാങ്കുതന്നെയാണ് വാങ്ങിയതെന്നും അതിനാൽ തൻവർഷവും അതേ ടാങ്കുതന്നെ വാങ്ങിയാൽ മതിയെന്ന് തീരുമാനിച്ചതായി കണ്ടു. എന്നാൽ മുൻവർഷം ഏറ്റവും കുറവു തുകയായ 1990/-രൂപ ക്വോട്ടു ചെയ്തത് ഇതേ കമ്പനി തന്നെയായിരുന്നു . അതിനാൽ 1990 രൂപയുടെ സിന്റെക്സ് റെനോ ടഫ് വാട്ടർ എന്ന വാട്ടർടാങ്ക് വാങ്ങി എന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു.എന്നാൽ തൻവർഷം ഏഷ്യാട്ടിക് ട്രേഡിംഗ് കമ്പനി,കൊച്ചി- എന്ന സ്ഥാപനം 1849/- രൂപയുടെ അക്വാ ലൈൻ വാട്ടർ ടാങ്കും ക്വോട്ടു ചെയ്തിരുന്നത് പർച്ചേസ് കമ്മറ്റി പരിഗണിച്ചിട്ടില്ല. ആകെ 40+4 ഗുണഭോക്താക്കളാണ് രണ്ടു പദ്ധതിയിലും കൂടിയുള്ളത്.കുറവു തുക ക്വോട്ടുചെയ്ത ടെണ്ടർ ഒഴിവാക്കിയതിനാൽ (85756/--81356/-)4400/-രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു.

അതായത് പ്രത്യേക കാരണമില്ലാതെ കുറവു തുക ക്വോട്ടു ചെയ്ത ഇനം ഒഴിവക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ പർച്ചേസ് കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് മേൽപറഞ്ഞ ടാങ്ക് വാങ്ങി വിതരണം നൽകിയത് എന്നാണ്. എന്നാൽ കുറവു തുക ക്വോട്ടുചെയ്ത ടെണ്ടർ നിരസിക്കാനുള്ള കാരണം വിശദമാക്കാതെ അതിലും കൂടിയ തുകയുടെ ടെണ്ടർ അംഗീകരിച്ച നടപടി ശരിയല്ല. ഭാവിയിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് പരിപാലനം അപാകതകൾ

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2 – 44274/2015 നമ്പർ ഉത്തരവ് പ്രകാരം സൂക്ഷിക്കുവാൻ നിർദ്ദേശിച്ച, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ലാത്തതായി കാണുന്നു.

2. തെരുവു വിളക്കുകളുടെ പരാതി രജിസ്റ്ററിൽ പരാതി പരിഹരിച്ചതായി രേഖപ്പെടുത്തലില്ല.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1238833/- രൂപ തടസ്സപ്പെടുത്തുന്നു.

2017-18 വർഷം സെക്രട്ടറി താഴെ പറയുന്ന് പ്രോജക്റ്റുകൾ ഡെപ്പോസിറ്റ് വർക്കുകളായി നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദവിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് (ഫണ്ട് ഇനം.) | ചെലവ് വിവരം( ബിൽ നം./ തീ.) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|---|
| 1 | 12/18 | വിവിധ അങ്കണവാടികളിലേക്ക് വാട്ടർ കണക്ഷൻ | 50000/- | 50000/- മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 7/17-18 27.7.17 | കേരള വാട്ടർ അതോറിറ്റി |
| 2 | 44/18 | വട്ടക്കുടി കടവ് ഫെറി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 60000/- | 59970/- ധനകാര്യ.ക.അവാർഡ്. | 24/17-18 /13.10.17 | കെ..എസ്.ഇ.ബി. |
| 3 | 54/18 | കഴിങ്ങരമല സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 45315/- | 45280/- ധ.ക.അ | 21/17-18 /23.9.17 | ടി- |
| 4 | 56/18 | പാലച്ചുവട് റോഡ്-റോഡ്സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 56280/- | 56280/- ധ.ക.അ | 19/17-18 /23.9.17 | ടി- |
| 5 | 71/18 | തോട്ടക്കര മേമടങ്ങ്സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 35315/- | 35300/- ധ.ക.അ | 20/17-18 /23.9.17 | ടി- |
| 6 | 107/18 | തേവലം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 10000/- | 9200/- ധ.ക.അ | 18/17-18 /23.9.17 | ടി- |
| 7 | 117/18 | തെക്കനപ്പാറ റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ-വാർഡ് 10 | 60000/- | 60000/- ധ.ക.അ | 35/17-18 /12.1.18 | കേരള വാട്ടർ അതോറിറ്റി |
| 8 | 118/18 | തെക്കനപ്പാറ റോഡ് വൈദ്യുതി ലൈൻ ഷിഫ്റ്റിങ്ങും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും | 74816/ | 74816/ ധ.ക.അ | 46/17-18 /17.2.18 | കെ..എസ്.ഇ.ബി |
| 9 | 121/18 | മാറ്റപ്പള്ളിത്താഴം അമ്പലം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 1 | 62950/- | 62950/- ധ.ക.അ | 31/17-18 /11.1.18 | ടി- |
| 10 | 122/18 | ടവർലൈൻ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 2 | 159850/- | 159850/- ധ.ക.അ | 47/17-18 /17.2.18 | ടി- |
| 11 | 125/18 | മാളിയേക്കത്താഴം പൂത്രുങ്കാവ് പൈപ്പ് ലൈൻ സ്ഥാപിക്കൽ-വാർഡ് 7 | 125000/- | 115000/- ധ.ക.അ | 36/17-18 /12.1.18 | കേരള വാട്ടർ അതോറിറ്റി |
| 12 | 128/18 | മാർക്കറ്റ് മറ്റപ്പിള്ളി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -വാർഡ് 7 | 19050/- | 19050/- ധ.ക.അ | 34/17-18 /12.1.18 | കെ..എസ്.ഇ.ബി |
| 13 | 129/18 | ആച്ചക്കോട്ടിൽത്താഴം വെള്ളപ്പ്ളാക്കൽ ഭാഗത്തേക്കുള്ള വൈദ്യുതി ലൈൻ | 178570/- | 177737/-ധ.ക.അ | 32/17-18 /11.1.18 | ടി- |

| | | | | | | |
|---|---|---|---|---|---|---|
| | | ഷിഫ്റ്റിങ്ങും സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കലും | | | | |
| 14 | 131/18 | കൊന്നാനിക്കാട് തെക്കുംമലറോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ -വാർഡ് 9 | 27578/- | 27450/- ധ.ക.അ | 48/17-18 /17.2.18 | ടി- |
| 15 | 146/18 | ടവർ ലൈൻ റോഡ് ളുണിയറഭാഗം, പെരുമ്പല്ലൂർ വട്ടക്കടി കടവ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ | 123460/- | 122990/- ധ.ക.അ | 58/17-18 /31.3.18 | ടി- |
| 16 | 147/18 | കൈപ്പിള്ളിക്കാവ് കടവ് റോഡ്,മറ്റത്തിൽ കടവ് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിയ്ക്കൽ -വാ | 163000/- | 162960/-ധ.ക.അ | 59/17-18 /31.3.18 | ടി- |
| | | ആകെ | 1251184/- | 1238833/- | | |

ടി പ്രോജക്ടുകളുടെ പൂർത്തികരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/21.12.18)മറുപടിലഭ്യമാക്കിയിട്ടില്ല. ടി പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നതുവരെ 1238833/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച് സി നടപ്പിലാക്കിയ S0102/18 പ്രോജക്ടിന്റെ താഴെ വിവരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1.തനതുഫണ്ട് 1,00,000/-രൂപയുടെ ചെക്കിന്റെ വിശദാംശങ്ങളും 64,520/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങളും
2. പദ്ധതി വിഹിതം 12,620/- രൂപയുടെ മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ
3. പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനത്തിലെ ഡ്രൈവറുടെ കോൺട്രാക്ട് എഗ്രിമെന്റ്
4. പാലിയേറ്റീവ് കെയർ യൂണിറ്റ് -നേഴ്സ് വേതനം എല്ലാ മാസവും കൈപ്പറ്റിയതിന്റെ രേഖ

മേൽ രേഖകൾ ഹാജരാക്കത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയായി ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം ഹാജരാക്കുകയും പരിശോധിച്ച ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഭാവിയിൽ ഇപ്രകാരം സംഭവിക്കാതെ രേഖകൾ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്കുപഞ്ചായത്ത് | 2017-18 | 1,00,000/- | പാലിയേറ്റീവ് കെയർ | 1,00,000/- | - |
| ,, | ,, | 4,50,000/- | പാലിന് സബ്സിഡി | 4,50,000/- | - |
| ,, | ,, | 90,100 | കുളത്തൂർ പീടിക നടപ്പാത കോൺക്രീറ്റ് വാർഡ് 4 | 52,238 | 37,862/- |
| ,, | ,, | 3,00,000/- | കണ്ടത്തിൽ താഴം റോഡ് ടാറിംഗ്. | 3,00,000/- | - |
| ,, | ,, | 1,50,000/- | തോട്ടക്കര നടുക്കുന്ന് റോഡ് മെയിന്റനൻസ്. | 1,46,140/- | 3,860/- |
| ,, | ,, | 2,00,000/- | മധുരം ബേക്കറി റോഡ് റീ ടാറിംഗ് | 2,00,000/- | - |

| | | | | | |
|---|---|---|---|---|---|
| ,, | ,, | 1,50,000/- | ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 1,50,000/- | - |
| ജില്ലാപഞ്ചായത്ത് | ,, | 1,50,000/- | ശാരീരിക മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. | 1,50,000/- | - |
| ,, | ,, | 2,40,664/- | ലൈഫ് ഭവന പദ്ധതി | 2,40,664/- | - |
| ,, | ,, | 1,27,500/- | നെൽകൃഷി വികസനം | 1,27,500/- | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി. | പ്രവൃത്തിയുടെ പേര് | ചെലവ് വിവരം ബിൽ നം./തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ അംഗൻവാടികളിലേയ്ക്ക് വാട്ടർ കണക്ഷൻ | 7/17-18 27.7.17 | 50000 | 50000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വട്ടക്കടി കടവ് ഫെറി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 24/17-18 /13.10.17 | 60000 | 59970 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കഴിഞ്ഞര മല സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21/17-18 /23.9.17 | 45315 | 45280 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പാലച്ചുവട് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 19/17-18 /23.9.17 | 56280 | 56280 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തോട്ടക്കര -മേമടങ്ങ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 20/17-18 /23.9.17 | 35315 | 35300 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തേവലം റോഡ്സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 18/17-18 /23.9.17 | 10000 | 9200 | |
| കേരള വാട്ടർ അതോറിറ്റി | തെക്കനപ്പാറ റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 10 | 35/17-18 /12.1.18 | 60000 | 60000 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെക്കനപ്പാറ റോഡ് വൈദ്യുതി ലൈൻ ഷിഫ്റ്റിങ്ങും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും | 46/17-18 /17.2.18 | 74816 | 74816 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മറ്റപ്പള്ളിത്താഴം അമ്പലം റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 1 | 31/17-18 /11.1.18 | 62950 | 62950 | |

| | | | | | |
|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ടവർ ലൈൻ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 2 | 47/17-18 /17.2.18 | 159850 | 159850 | |
| കേരള വാട്ടർ അതോറിറ്റി | മാളിയേക്കത്താഴം പൂത്രുങ്കാവ് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ് 7 | 36/17-18 /12.1.18 | 125000 | 115000 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മാർക്കറ്റ് മറ്റപ്പിള്ളി റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 7 | 34/17-18 /12.1.18 | 19050 | 19050 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ആച്ചക്കോട്ടിൽത്താഴം വെള്ളപ്ളാക്കൽ ഭാഗത്തേയ്ക്കുള്ള വൈദ്യുതി ലൈൻ ഷിഫ്റ്റിംഗും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും | 32/17-18 /11.1.18 | 178570 | 177737 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കൊന്നാനിക്കാട്തെക്കുംമല റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ വാർഡ് 9 | 48/17-18 /17.2.18 | 27578 | 27450 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ടവർ ലൈൻ റോഡ് ഉണിയറ ഭാഗം,പെരുമ്പല്ലൂർ വട്ടക്കുടി കടവ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 58/17-18 /31.3.18 | 123460 | 122990 | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കൈപ്പിള്ളിക്കാവ് കടവ് റോഡ്,മറ്റത്തിൽ കടവ് റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 59/17-18 /31.3.18 | 16300 | 162960 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 849/10, 12.03.2010 | 2737600 | 485840 | 273760 | - | 212080 |

## 4-5 സ്ഥിര നിക്ഷേപം.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തീയതി |
|---|---|---|---|---|
| 2014-15 | 2-5 | 4000/- | | 117010101023/11.09.17 |
| | 2-4 | 2000/- | | 117010101032/11.09.17 |
| | 2-5 | 2815 | | 117010101046/13.09.17 |
| 2016-17 | 2-3 | 5935 | | 117010101023/12.03.18 |

| | | | | |
|---|---|---|---|---|
| | 2-3 | 6054 | | 117010103601/05.03.18<br>(2400/-)<br>117010103980/19.03.18<br>(1800/-)<br>117010103981/19.03.18<br>(1854/-) |
| 2005-06 | 3-16(1) | 4618 | എ.വി.ജോസഫ്,സെക്രട്ടറി | 117010400002/06.07.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 23 | 2001-02 | 358 | മണൽ ലേലം-ലേലക്കാരന് സഹായകരമായി പ്രവർത്തിച്ചുവഴി 39700/-പഞ്ചായത്തിന നഷ്ടം | നിയമസഭാസമിതി ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി 2006-08-18-ാംറിപ്പോർട്ട് പേജ്-109-ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| 1997-98 | 33 | 2001-02 | 56 | പാനോപകരണവിതരണം-ക്രമക്കേട് | |
| ,, | 34 | ,, | 371 | വീട് നന്നാക്കാൻ -അനധികൃതചെലവ് | ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| ,, | 48 | ,, | 372 | ഉപാധിരഹിതഫണ്ട്-റോഡ് ടാറിംഗ്-ഫണ്ട് ദുർവിനിയോഗം | സർചാർജ്ജ് നടപടി ജില്ലാകോടതി തടഞ്ഞിട്ടുള്ളതാണ്. |
| ,, | 49 | ,, | 376 | റോഡ് പണി-ക്രമക്കേടുകൾ | ,, |
| ,, | 50 | ,, | 387 | ,, | ,, |
| ,, | 51 | ,, | 381 | ,, | ,, |
| 2001-02 | 3-9 | 2004-05 | 3-7-1-1 | പഞ്ചായത്ത് കെട്ടിട നിർമ്മാണം-അധികചെലവ് | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ വർഷത്തെ ആകെ വരവ് | 36789797 |
| ഓഡിറ്റ വർഷത്തെ ആകെചെലവ് | 37513205 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1382726 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 143893 | പി എൻ പ്രസാദ്, സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 1238833 | പി എൻ പ്രസാദ്, സെക്രട്ടറി |
| | | |
| | | |
| | | |
| ആകെ | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല
(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി എൻ പ്രസാദ്, സെക്രട്ടറി | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 1999-00 | എൽ എഫ് ഇ പി 5 -1041/2001/19-11-2001 |
| 00-01 | എൽ എഫ് ഇ പി 5 -1201/2002/14-3-2003 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 02-03 | എൽ എഫ് ഇ പി 5 -224/2003/26-10-2005 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 10-11, 11-12 | എൽ എഫ് ഇ പി 8 -1624/2013/03-10-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |
| 15-16 | കെഎസ്എഇകെഎം(പി8)2039/2016/08/12/2016 |
| 16-17 | കെഎസ്എഇകെഎം(പി8)2025/2017/20/11/2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്ജില്ലാ ഓഡിറ്റ് കാര്യാലയം,

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്നിയമത്തിന്റെ,വകുപ്പ്.4,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചുംപഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ2017-18സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾശരിയായവിധത്തില്സൂക്ഷിക്കുന്നു.സ്ഥാപനത്തിന്റെവരവുകൾയഥാവിധികണക്കിലുൾപ്പെടുത്തിയിട്ടുണ്ട്.ചെലവുകൾഎല്ലാംതന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

-